**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1214** **04.12.2014-ലെ മറുപടിക്ക്**

## അനധികൃതമായി കൈവശം വെച്ചരിക്കുന്ന ഭൂമി തിരിച്ചുപിടിക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം.എ.ബേബി<br>ശ്രീ. കെ. സുരേഷ് കുറുപ്പ്<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കെ.കെ. നാരായണൻ | ശ്രീ.അടൂർപ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | വൻതോതിൽ സർക്കാർ ഭൂമി അനധികൃതമായി കൈവശം വച്ചിരിക്കുന്നവരിൽ നിന്ന് തിരിച്ചുപിടിക്കുന്നത് സംബന്ധിച്ച് നയവും നടപടികളുമെന്തെന്ന് വ്യക്തമാക്കുമോ ; | (എ) | അനധികൃതമായി സർക്കാർ ഭൂമി കൈവശം വച്ചുവരുന്നു എന്ന് കണ്ടെത്തുന്ന കേസുകളിൽ ഭൂമി തിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. |
| (ബി) | പാട്ട ഭൂമിയായിരുന്ന നെല്ലിയാമ്പതിയിലെ കരുണാ എസ്റ്റേറ്റ് പോബ്സ് ഗ്രൂപ്പിന് പതിച്ചു നൽകിയതു സംബന്ധിച്ച ആക്ഷേപങ്ങളെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തി നിജസ്ഥിതി കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; അന്വേഷണ റിപ്പോർട്ട് സർക്കാരിൽ ലഭിച്ചത് എന്നാണ് ; നാളിതുവരെ സ്വീകരിക്കപ്പെട്ട നടപടികൾ എന്തെല്ലാം; ഭൂമി അന്യായമായി കൈവശപ്പെടുത്തിയവരുമായി ഒത്തു കളിക്കുകയും, കൂട്ടു നിൽക്കുകയും ചെയ്തതായി പരാതികൾക്കിടയായിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; | (ബി) | നെല്ലിയാമ്പതിയിൽ പോബ്സ് ഗ്രൂപ്പിന് ഭൂമി പോക്കുവരവ് ചെയ്തതുമായി ബന്ധപ്പെട്ട കേസിൽ പോബ്സ് ഗ്രൂപ്പിന്റെ മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന് ഒരു സർവ്വെ ടീമിനെ രൂപീകരിക്കുവാൻ സർവ്വെ ഡയറക്ടറെ ചുമതലപ്പെടുത്തിയും പ്രസ്തുത സർവ്വെ ജോലികൾ 2014 നവംബർ 20 ഓടെ ആരംഭിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചും 12/11/2014 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 5473/14/റവന്യൂ പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത സർവ്വെക്ക് മേൽനോട്ടം വഹിക്കുന്നതിന് ലാന്റ് റവന്യൂ കമ്മീഷണർ നോഡൽ ഓഫീസറായും, ലാന്റ് ബോർഡ് സെക്രട്ടറി, സർവ്വെ ഡയറക്ടർ, പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്, ഇൻസ്പെക്ടർ ജനറൽ രജിസ്ട്രേഷൻ, പാലക്കാട് ജില്ലാ കളക്ടർ, അംഗങ്ങളായി ഒരു ഉന്നതാധികാര സമിതിയെ നിയോഗിച്ചും പ്രസ്തുത സമിതി രണ്ടാഴ്ചയിലൊരിക്കൽ റവന്യൂ പ്രിൻസിപ്പൽ സെക്രട്ടറിയ്ക്ക് റിപ്പോർട്ട് സമർപ്പിക്കേണ്ടതാണെന്നും നിഷ്കർഷിച്ച് ഉത്തരവായിട്ടുണ്ട്.<br>സർവ്വെ നടപടികൾ നടന്നുവരുന്നു. കുറ്റക്കാരായ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തണമെന്ന ശുപാർശ സർക്കാർ അംഗീകരിച്ചു. |

| | | | |
|---|---|---|---|
| (സി) | അനധികൃതമായി കൈവശപ്പെടുത്തിയ കരുണാ എസ്റ്റേറ്റ് തിരിച്ചെടുക്കുന്നതിന് ഇതിനകം സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (സി) | നെല്ലിയാമ്പതിയിൽ തർക്കഭൂമിയുമായി ബന്ധപ്പെട്ട് മുഴുവൻ ഭൂമിയും സർവ്വെ നടത്തുന്നതിന്, ഒരു സർവ്വെ ടീമിനെ രൂപീകരിക്കുവാൻ സർവ്വെ ഡയറക്ടറെ ചുമതലപ്പെടുത്തി 12/11/2014 ലെ സർക്കാർ ഉത്തരവ് (സാധാ) നം. 5473/2014 പ്രകാരം ഉത്തരവായിട്ടുണ്ട്. അതിൻപ്രകാരം സർവ്വെ ഡയറക്ടർ സർവ്വെ ടീമിനെ നിയമിക്കുകയും പ്രസ്തുത ടീം സർവ്വെ നടപടികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ